**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 792** **24-06-2026-ൽ മറുപടിയ്ക്ക്**

**<u>ക്ഷേത്രക്കുളം നവീകരണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. സെബാസ്റ്റ്യൻ. എം. ജെ

ശ്രീ. മോൻസ് ജോസഫ്
(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

**(എ)** പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ കൊണ്ടൂർ ശ്രീകൃഷ്ണസ്വാമി ക്ഷേത്രക്കുളം നവീകരണം, പശ്ചിമദേവി ക്ഷേത്രക്കുളം നവീകരണം, ചോറ്റി ശ്രീമഹാദേവ ക്ഷേത്രക്കുളം പുനരുദ്ധാരണം, ഇടച്ചോറ്റി സരസ്വതി ദേവി ക്ഷേത്രക്കുളം നവീകരണം എന്നീ പ്രവൃത്തികളുടെ നിലവിലെ അവസ്ഥയും പ്രവൃത്തികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്നും വ്യക്തമാക്കാമോ?

**<u>മറുപടി:</u>** പൂഞ്ഞാർ നിയോജക മണ്ഡലത്തിലെ കൊണ്ടൂർ ശ്രീകൃഷ്ണ സ്വാമി ക്ഷേത്രം നവീകരണ പദ്ധതിയുടെ 85 ശതമാനത്തിലധികം പ്രവൃത്തികളും വിജയകരമായി പൂർത്തീകരിച്ചിട്ടുണ്ട്. ക്ഷേത്രക്കുളത്തിന്റെ ഡി. ആർ സൂപ്പർ സ്ട്രക്ചറിന് മുകളിലുള്ള വെയറിംഗ് കോട്ട്നിർമാണം നിലവിൽ പൂർത്തിയായിട്ടുണ്ട്. പാരപ്പെറ്റും ലീഡിംഗ് ചാനലും ഉൾപ്പെടെയുള്ള ഫിനിഷിംഗ് പ്രവൃത്തികൾ പുരോഗമിച്ചു കൊണ്ടിരിക്കുന്നു.

പശ്ചിമ ദേവി ക്ഷേത്രക്കുളം നവീകരണവുമായി ബന്ധപ്പെട്ട പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തിയാക്കുകയും 13.03.2026 തീയതിയിൽ കരാറുകാരന് പ്രവൃത്തി സ്ഥലം കൈമാറുകയും ചെയ്തിട്ടുണ്ട്.

ചോറ്റി ശ്രീ മഹാദേവ ക്ഷേത്രക്കുളം പുനരുദ്ധാരണവുമായി ബന്ധപ്പെട്ട പ്രവൃത്തി നിലവിൽ 35% പൂർത്തീകരിച്ചിട്ടുണ്ട്. ചോറ്റി ശ്രീ മഹാദേവ ക്ഷേത്രക്കുളത്തിന്റെ വശങ്ങൾ 5 മീറ്റർ ഉയരത്തിൽ DR കെട്ടി സംരക്ഷിക്കുന്ന പ്രവൃത്തിയിൽ കുളത്തിന്റെ 3 വശങ്ങളിലായി 1.5 മീറ്റർ പൊക്കത്തിൽ DR Wall ന്റെ പ്രവൃത്തിയും അതിന് മുകളിലുള്ള Belt concrete പ്രവൃത്തിയും പൂർത്തീകരിച്ചിട്ടുണ്ട്.

ഇടച്ചോറ്റി സരസ്വതി ദേവി ക്ഷേത്രക്കുളം നവീകരണവുമായി ബന്ധപ്പെട്ട പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തിയാക്കുകയും 17.03.2026 തീയതിയിൽ കരാറുകാരന് പ്രവൃത്തി സ്ഥലം കൈമാറുകയും ചെയ്തിട്ടുണ്ട്. കുളത്തിന്റെ നിർമ്മാണം നടത്തേണ്ട ഭാഗത്തേക്ക് വാഹനം എത്തുവാനുള്ള റോഡിന്റെ അഭാവത്തിൽ പണികൾ തുടങ്ങുവാൻ നിലവിൽ സാധിച്ചിട്ടില്ല. ഗതാഗത സൗകര്യം ലഭ്യമാക്കുന്ന മുറയ്ക്ക് പണികൾ ആരംഭിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**